# സഭാനേതൃത്വത്തിൽ നിന്ന് ഇസ്‌ലാമിലേക്ക്

പത്ത് വർഷത്തോളം ക്രൈസ്തവമിഷനറിയിൽ പ്രവർത്തിക്കുകയും 1995 മുതൽ മുഴുസമയ കത്തോലിക്ക കരിസ്മാറ്റിക് മിഷനറി പ്രവർത്തനവുമായി കേരളത്തിനകത്തും പുറത്തും സഞ്ചരിക്കുകയും ആയിരക്കണക്കിനു സുവിശേഷയോഗങ്ങളിലും കരിസ്മാറ്റിക് ധ്യാനങ്ങളിലും ചർച്ചുകളിലും സുവിശേഷ പ്രസംഗങ്ങൾ നടത്തുകയും ചെയ്ത എഴുത്തുകാരനും സുവിശേഷകനുമായിരുന്നു **റവറന്റ് തിമൊഥെയൂസ് മറിയൻ**. ഇസ്‌ലാംമതാശ്ലേഷണത്തിനു ശേഷം **ഫിറോസ്മുഖ്ദാർ അഹ്മദ്** എന്ന പേര് സ്വീകരിച്ച അദ്ദേഹവുമായി **'സ്നേഹസംവാദം'** പ്രതിനിധി **അലി.കെ മരുത** നടത്തിയ അഭിമുഖം.

*താങ്കളുടെ കുടുംബ പശ്ചാത്തലം?*

കണ്ണൂർ ജില്ലയിലെ ഒരു പൗരാണിക നായർ കുടുംബത്തിലായിരുന്നു ജനനം. നാലുമക്കളിൽ മൂന്നു പേരും പെൺമക്കളായിരുന്നു. ഏക ആൺ സന്തതി എന്ന നിലയ്ക്ക് വീട്ടിലെ പ്രധാനപ്പെട്ട വ്യക്തിയായിരുന്നു ഞാൻ. പിതാവിന്റെ ആകസ്മിക മരണത്തോടെ സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിച്ചുകൊണ്ടിരുന്ന ഞങ്ങളുടെ കുടുംബത്തെ സഹായിച്ച ഏതാനും കൃസ്ത്യൻ മിഷനറിമാരുടെ സ്നേഹാനുഭൂതിയിൽ ആകൃഷ്ടരാകുകയും അമ്മയടക്കം ഞങ്ങൾ മൂന്നു മക്കൾ ക്രിസ്തുമതം സ്വീകരിക്കുകയും ചെയ്തു. ധാരാളം ദൈവങ്ങളുണ്ടായിരുന്ന ഞങ്ങൾക്ക് അതിനുശേഷം ആരാധിക്കാൻ യേശുവെന്ന ഏകദൈവം മാത്രമായിമാറി. പിന്നീട് ഞാൻ പൂർണമായി യേശുവിന് സമർപ്പിക്കുവാൻ നിശ്ചയിച്ചു. അങ്ങനെ 1995 മുതൽ മുഴുസമയ സുവിശേഷ പ്രവർത്തകനാവാൻ തീരുമാനിക്കുകയും അതിനായി എന്റെ ഇടവകയുടെ സഹായത്തോടെ മുരിങ്ങൂർ പോട്ട ധ്യാന കേന്ദ്രത്തിലെത്തുകയും ചെയ്തു.

മുരിങ്ങൂർ ധ്യാനകേന്ദ്രത്തിന്റെ സഹായത്തോടെ എന്റെ പ്രദേശത്ത് തന്നെ ഒരു മുഴുസമയ സുവിശേഷവേല നടത്തുവാൻ തീരുമാനിച്ചു. സാമ്പത്തിക, ശാരീരിക, മാനസിക പ്രയാസങ്ങളനുഭവിക്കുന്ന ഞങ്ങളുടെ പ്രദേശത്തെ ഹൈന്ദവർക്കിടയിലായിരുന്നു എന്റെ പ്രബോധനം. സാമ്പത്തി

**യേശുവിന്റെ ഗദ്ശമനതോട്ടത്തിൽ വെച്ചുള്ള പ്രാർഥന എന്റെ മുന്നിൽ ഒരു ചോദ്യചിഹ്നമായി നിലകൊണ്ടു. 'ദൈവം ദൈവത്തോടു പ്രാർഥിക്കുമോ?' എന്ന ചോദ്യം എന്നെ വല്ലാതെ കുഴക്കി. ഞാൻ വാങ്ങിച്ച കാസറ്റുകളും ഗ്രന്ഥങ്ങളും എന്നിൽ അസ്വസ്ഥതകൾ സൃഷ്ടിച്ചു.**

കമായി ദുരിതമനുഭവിക്കുന്നവരെ സഹായിക്കുവാനായി ക്രിസ്ത്യൻ പ്രമാണിമാരും അതോടൊപ്പം ധ്യാനകേന്ദ്രവും അകമഴിഞ്ഞ് സഹായിക്കുമായിരുന്നു. ഇത്തരം സാമൂഹ്യക്ഷേമപ്രവർത്തനങ്ങളുടെ ഭാഗമായി ഒട്ടധികം കുടുംബങ്ങളെ സഹായിക്കാൻ എന്നെക്കൊണ്ട് സാധിച്ചു. എന്റെ സുവിശേഷ വേലയിൽ ആകൃഷ്ടരായ പലരും ക്രിസ്തുമതത്തിലേക്ക് കടന്നുവന്നുകൊണ്ടിരുന്നു. കർത്താവായ യേശുവിന്റെ സ്നേഹം, കൃപ, പാപത്തിൽ നിന്നുള്ള വിടുതൽ തുടങ്ങിയവയായിരുന്നു മുഖ്യമായും എന്റെ വിഷയങ്ങൾ. എന്റെ പ്രവർത്തനമേഖല വ്യാപിച്ചതോടെ ഞങ്ങളുടെ നാട്ടിലെ ഫാസിസ്റ്റുകളുടെ കണ്ണിലെ കരടായി ഞാൻ മാറി. എന്നെ അവർ ക്രൂരമായി ആക്രമിക്കുകയും വടിവാൾക്കൊണ്ടെന്റെ തലക്കുവെട്ടി മാരകമായി പരിക്കേൽപിക്കുകയും ചെയ്തു. എന്നെ നശിപ്പിക്കലായിരുന്നു അവരുടെ ലക്ഷ്യമെങ്കിലും ദൈവത്തിൻെറ തീരുമാനം അതിനെതിരായിരുന്നു.

*ജന്മനാട്ടിൽ മാത്രമായിരുന്നോ താങ്കളുടെ മിഷനറി പ്രവർത്തനം?*

ഒരു സുവിശേഷകനായി ദൈവത്തിന് എന്നെ സമർപ്പിക്കുമ്പോൾ എന്റെ ലക്ഷ്യം എന്റെ പ്രദേശത്തു തന്നെ സുവിശേഷ വേല ചെയ്യണമെന്നായിരുന്നു. ആക്രമിക്കപ്പെട്ട ശേഷം ഞാൻ ദീർഘകാലം മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്നു. ഏറെക്കുറെ സുഖം പ്രാപിച്ചുവെങ്കിലും നാട്ടിലേക്കു തിരിച്ചുപോകുവാൻ സാധിക്കും വിധമായിരുന്നില്ല സ്ഥിതിഗതികൾ. എന്റെ ജീവനു വീണ്ടും ഭീഷണി നേരിടുമെന്നതിനാൽ തന്നെ ഞാൻ തിരിച്ചു മുരിങ്ങൂർ ധ്യാനകേന്ദ്രത്തിലെത്തുകയും അവിടെനിന്നുള്ള നിർദേശപ്രകാരം മുരിങ്ങൂരിൽ തന്നെ സുവിശേഷ വേലയുമായി കഴിച്ചുകൂടുകയുമാണ് ചെയ്തത്.

മുരിങ്ങൂർ ഡിവൈൻ സെന്ററിന്റെ കരിസ്മാറ്റിക് ധ്യാനവുമായി ബന്ധപ്പെട്ട് കേരളത്തിനകത്തും തമിഴ്നാട്, കർണാടക, ആന്ധ്ര, തുടങ്ങിയ സംസ്ഥാനങ്ങളിലുമായി ആയിരക്കണക്കിനു സുവിശേഷ യോഗങ്ങളിലും കരിസ്മാറ്റിക് ധ്യാന ശുശ്രൂഷകളിലും നേതൃത്വം കൊടുക്കുവാനെനിക്ക് അവസരം ലഭിച്ചിട്ടുണ്ട്.

*താങ്കൾ ഇസ്ലാമിലേക്ക് കടന്നു വരുവാനുണ്ടായ സാഹചര്യം?*

1999ൽ ഞാൻ സജീവമായി കരിസ്മാറ്റിക് ശുശ്രൂഷയുമായി നാടുചുറ്റുന്ന കാലം എറണാകുളം കലൂർ ഇന്റർ നാഷണൽ സ്റ്റേഡിയത്തിൽവെച്ച് നടക്കാനിരിക്കുന്ന നിച്ച് ഓഫ് ട്രൂത്തിന്റെ പരിപാടിയുടെ പോസ്റ്റർ കാണാനിടയായി. 'യേശുക്രിസ്തു ഖുർആനിലും ബൈബിളിലും' എന്നതാണ് തലവാചകം. വല്ലാത്ത അതിശയോക്തി തോന്നി. തികച്ചും അപ്രതീക്ഷിതമായൊരു പ്രോഗ്രാം. വിഷയത്തിന്റെ പുതുമയും സംശയനിവാരണത്തിന് അവസരമുണ്ട് എന്നതും പ്രോഗ്രാമിനു പോകുവാൻ എന്നിൽ താൽപര്യം വളർത്തി.

ഖുർആനിനെക്കുറിച്ച് എനിക്ക് അന്നുണ്ടായിരുന്ന ധാരണ; ബൈബിളിൽ നിന്ന് മുഹമ്മദ് പകർത്തിയെഴുതിയ ഏതാനും കാര്യങ്ങളുമായിരുന്നു ഖുർആനിലുള്ളത് എന്നതായിരുന്നു. ആ രീതിയിലായിരുന്നു ഞങ്ങളുടെ പഠനവും. 'യേശു കർത്താവിനെ' വിശ്വസിക്കാത്ത മുസ്ലിംകൾ യേശുക്രിസ്തുവിനെക്കുറിച്ച് സംസാരിക്കുകയോ? അതും ചോദ്യോത്തരത്തോടെ! ഇതെന്നിൽ അത്ഭുതമുളവാക്കി. അതുകൊണ്ടുതന്നെ പരിപാടിയിൽ പങ്കെടുക്കുവാൻ ഞാൻ തീരുമാനിച്ചു. പക്ഷേ, ജോലിത്തിരക്കു കാരണം പരിപാടിയിൽ പങ്കെടുക്കുവാൻ സാധിച്ചില്ല. അതിനാൽ മറ്റൊരാളെ പരിപാടിയിൽ പങ്കെടുക്കുവാൻ പറഞ്ഞുവിട്ടു. ഏതാനും പുസ്തകങ്ങളും കാസറ്റുകളും വാങ്ങിപ്പിച്ചു. പരിപാടിയുടെ കാസറ്റ് പിന്നീട് കേൾക്കുകയും ചെയ്തു.

അതുവരെ ഞാൻ വിശ്വസിച്ചതിൽ നിന്നും തികച്ചും വ്യത്യസ്ഥമായ ധാരാളം കാര്യങ്ങളാണ് എനിക്ക് പുസ്തകങ്ങളിൽ നിന്നും കാസറ്റുകളിൽ നിന്നും മനസ്സിലാക്കാനായത്. യോഹന്നാൻ സുവിശേഷത്തിൽ യേശു പ്രവചിക്കുന്ന കാര്യസ്ഥനെക്കുറിച്ചുള്ള പഠനമാണ് എനിക്കേറെ ആകർഷകമായി തോന്നിയത്. പഠിക്കുംതോറും അത്ഭുതങ്ങൾ ഏറിവന്നു. എന്റെ മനസ്സിലൂറിവന്ന സംശയങ്ങൾ വേദ പണ്ഡിതന്മാരുമായി ചർച്ചചെയ്തു. എന്റെ സംശയങ്ങൾക്കുള്ള നിവാരണമാണ് ഞാൻ പ്രതീക്ഷിച്ചിരുന്നതെങ്കിലും മറുപടി നിരാശാജനകമായിരുന്നു. കൃത്യവും വ്യക്തവുമായ ഉത്തരം എനിക്കു ലഭിച്ചില്ല. മറുപടികൾ എന്നെ നിരുത്സാഹപ്പെടുത്തിയെന്നു മാത്രമല്ല, എന്റെ പഠനത്തിൽ നിന്ന് എന്നെ പിന്മാറ്റുവാൻ കൂടിയായിരുന്നു അവരുടെ ശ്രമം. കൂടുതൽ റഫറൻസിനായി ഞാൻ വാങ്ങിയ ഖുർആൻ പരിഭാഷ എന്റെ സഹപ്രവർത്തകരും ഞങ്ങളുടെ ഗുരുക്കളുമടങ്ങുന്ന സുവിശേഷകർ എന്നിൽ നിന്ന് ഒളിപ്പിച്ചുവെച്ചു. അതുപോലെ യേശുവിന്റെ ഗദ്ശമനതോട്ടത്തിൽ വെച്ചുള്ള പ്രാർഥന എന്റെ മുന്നിൽ ഒരു ചോദ്യചിഹ്നമായി നിലകൊണ്ടു. 'ദൈവം ദൈവത്തോടു പ്രാർഥിക്കുമോ?' എന്ന ചോദ്യം എന്നെ വല്ലാതെ കുഴക്കി. ഞാൻ വാങ്ങിച്ച കാസറ്റുകളും ഗ്രന്ഥങ്ങളും എന്നിൽ അസ്വസ്ഥതകൾ സൃഷ്ടിച്ചു. മോശയുടെ കല്പനകൾ പലതും പുതിയനിയമവും സഭയും മാറ്റി മറിച്ചതായി –പന്നിമാംസം, പരിഛേദന പോലുള്ളവ– ഞാൻ മനസ്സിലാക്കി. അതിനെക്കുറിച്ച് ക്രൈസ്തവ പണ്ഡിതരോട് ചോദിച്ചപ്പോൾ സുവിശേഷകർത്താക്കൾക്കതിന് അധികാരമുണ്ടെന്നായിരുന്നു മറുപടി.

അങ്ങനെ ഇസ്ലാമിക ഗ്രന്ഥങ്ങൾ വായിക്കുകയും ഖുർആൻ പഠനമാരംഭിക്കുകയും സംശയനിവാരണത്തിനായി ഇസ്ലാമിക പണ്ഡിതന്മാരെ സമീപിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഖുർആൻ പഠനത്തിനിടയ്ക്ക് സൂറഃ മറിയം (ഖുർആനിലെ 19-ാം അധ്യായം) എന്നെ വല്ലാതെ സ്വാധീനിച്ചു. യേശുക്രിസ്തുവിന്റെ അത്ഭുത ജനനത്തെ ഞാൻ വേദപുസ്തകവുമായി താരതമ്യം ചെയ്തു പഠിച്ചു.

ഖുർആൻ പറയുന്ന പലകാര്യങ്ങളും സത്യമാണെന്നെനിക്കു തോന്നിയെങ്കിലും ഇസ്ലാം സ്വീകരിക്കാൻ മനസ്സനുവദിച്ചില്ല. കാരണം അത്രമാത്രം മ്ലേഛൻമാരായിട്ടാണ് മുസ്ലിംകളെ ഞാൻ കണ്ടിരുന്നത്. മുസ്ലിമാവാൻ തയാറായില്ലെങ്കിലും ഖുർആൻ പഠനം തുടർന്നുകൊണ്ടേയിരുന്നു. ക്രിസ്ത്യാനികൾക്കിടയിലെ ഒരു തിരുത്തൽവാദിയായി നിലകൊള്ളാനാണ് ഞാൻ ശ്രമിച്ചത്. ഖുർആൻ വായിക്കുംതോറും ഇസ്ലാമിലേക്ക് ആകൃഷ്ടനായിക്കൊണ്ടിരിക്കുന്ന എന്നെ ആകർഷിക്കാനായി ധ്യാന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ എന്നെ നേതാവാക്കിക്കൊണ്ട് മറിയത്തിലൂടെ ദൈവത്തിലേക്ക് എന്ന ഒരു കാമ്പയിൻ തന്നെ പ്രഖ്യാപിക്കുകയുണ്ടായി. സുവിശേഷവേ

ലയിലേക്ക് എന്നെ തിരിച്ചുകൊണ്ടുവരലായിരുന്നു അവരുടെ ലക്ഷ്യം. പലരീതിയിൽ എന്നെ പ്രലോഭിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. ഞാൻ മാനസികമായി ആകെ തളർന്നു. ചെകുത്താനും കടലിനുമിടയിൽ പെട്ടപോലെ.

അതിനിടെ ഒരു യാത്രക്കിടയിൽ പരിചയപ്പെട്ട നല്ലവനായ ഒരു മുസ്‌ലിം സുഹൃത്തുമായി എന്റെ ഈ മാനസികാവസ്ഥ ഞാൻ പങ്കുവെച്ചു. അദ്ദേഹം എന്നോട് ഉപദേശിച്ചത് 'ഇന്നത്തെ മുസ്‌ലിംകളെ നിങ്ങൾ നോക്കേണ്ടതില്ല, അവരെക്കണ്ട് ആരും ഇസ്‌ലാം സ്വീകരിക്കുകയില്ല. നിങ്ങൾ പഠിച്ചിടത്തോളം, വായിച്ചിടത്തോളം നിങ്ങൾക്ക് സത്യമെന്നു തോന്നുന്ന പക്ഷം നിങ്ങൾ ഇസ്‌ലാം സ്വീകരിക്കുക, നിങ്ങളുടെ മരണാനന്തര ജീവിതവുമായി ബന്ധപ്പെട്ട ഒരു രക്ഷാപദ്ധതിയാണിത്' എന്നായിരുന്നു എന്റെ മനസ്സിൽ ആശ്വാസത്തിന്റെ ഒരു കുളിർമഴപെയ്യിക്കാൻ ആ വാക്കുകൾക്ക് സാധിച്ചു. അങ്ങനെ എന്തു തന്നെ സഹിച്ചാലും ഇസ്‌ലാം സ്വീകരിക്കുവാൻ തന്നെ തീരുമാനിച്ചു. എല്ലാത്തിനെക്കാളും സത്യത്തോടും തന്നെ സൃഷ്ടിച്ച ദൈവത്തോടുമാണ് പ്രതിബദ്ധതയുണ്ടാവേണ്ടത് എന്നു മനസ്സിലാക്കി എന്റെ ഭൗതിക സുഖസൗകര്യങ്ങളും സ്ഥാനമാനങ്ങളും വെടിയാൻ തീരുമാനിച്ചു. എന്നെ പിന്തിരിപ്പിക്കാൻ സഹപ്രവർത്തകരും കൂടെ പിറപ്പുകളായ സഹോദരിമാരും ശ്രമിച്ചു നോക്കി. അനന്തരാവകാശമായി ലഭിച്ച സ്വത്തെല്ലാം അവർക്കു തിരിച്ചേൽപ്പിച്ച് ഇസ്‌ലാം സ്വീകരിക്കാൻ തന്നെ തീരുമാനിച്ചു. അപ്പോഴതാ മറ്റൊരു പ്രശ്നം- മുസ്‌ലിംകൾക്കിടയിലെ സംഘടനാവൈവിധ്യം. അതെന്നെ തളർത്തി. അങ്ങനെ മുസ്‌ലിംകൾക്കിടയിലെ വിവിധ വിഭാഗങ്ങളെക്കുറിച്ച് ബാഹ്യമായി പഠിച്ചശേഷം ഇസ്‌ലാഹീ പ്രസ്ഥാനത്തോട് ചേർന്ന് പ്രവർത്തിക്കാൻ തീരുമാനിച്ചു.

*സത്യമതത്തിലേക്ക് കടന്നുവന്ന ശേഷം താങ്കൾ അഭിമുഖീകരിച്ച ഏറ്റവും വലിയ പ്രതിസന്ധി എന്തായിരുന്നു?*

ഞാൻ നേരത്തെ പറഞ്ഞുവല്ലോ; ഇസ്‌ലാമിലേക്ക് കടന്നു വരുന്നതു തന്നെ കൃത്യമായ പഠനത്തിനുശേഷമാണ്. അതിനാൽ തന്നെ നേരെ ഇസ്‌ലാഹീ പ്രസ്ഥാനവുമായി ബന്ധപ്പെടുവാൻ എനിക്ക് അവസരം ലഭിച്ചതുകൊണ്ട് എടുത്തുപറയത്തക്ക പ്രതിസന്ധികളൊന്നും നേരിടേണ്ടി വന്നിട്ടില്ല. മുമ്പ് ഞാൻ ഹിന്ദുമതത്തിൽ നിന്ന് ക്രിസ്തുമതത്തിലേക്ക് കടന്നുവന്നപ്പോൾ പ്രതിസന്ധികൾ ആവോളം അനുഭവിച്ചതാണ്.

**ദിനംപ്രതി അഞ്ചുനേരം കൃത്യമായി നിർവഹിക്കപ്പെടുന്ന നമസ്കാരമാണ് എന്നെ ഏറ്റവും കൂടുതൽ ആകർഷിച്ചത്. ആഴ്ചയിലൊരു ഞായറാഴ്ചയോ വല്ലപ്പോഴുമോ ചർച്ചിൽ പോകുന്ന ക്രിസ്ത്യാനിയെ അപേക്ഷിച്ച് കൃത്യമായി പട്ടാളച്ചിട്ട കണക്കെ നിർവഹിക്കപ്പെടുന്ന നമസ് കാരത്തിലൂടെ പ്രത്യേക ആനന്ദ നിർവൃതി ലഭിക്കുന്നു.**

*ഇസ്‌ലാമിൽ താങ്കളെ ഏറ്റവും കൂടുതൽ ആകർഷിച്ച കാര്യമെന്തായിരുന്നു?*

ദിനംപ്രതി അഞ്ചുനേരം കൃത്യമായി നിർവഹിക്കപ്പെടുന്ന നമസ്കാരമാണ് എന്നെ ഏറ്റവും കൂടുതൽ ആകർഷിച്ചത്. ആഴ്ചയിലൊരു ഞായറാഴ്ചയോ വല്ലപ്പോഴുമോ ചർച്ചിൽ പോകുന്ന ക്രിസ്ത്യാനിയെ അപേക്ഷിച്ച് കൃത്യമായി പട്ടാളച്ചിട്ട കണക്കെ നിർവഹിക്കപ്പെടുന്ന നമസ്കാരത്തിലൂടെ പ്രത്യേക ആനന്ദ നിർവൃതി ലഭിക്കുന്നു. മാനസിക സന്തോഷവും ജീവിത വിശുദ്ധിയും ആത്മധൈര്യവും ഇതിലൂടെ എനിക്കു നേടാനാവുന്നു.

*മുഹമ്മദ് നബി(ﷺ) ക്കെതിരെ ശക്തമായ ആരോപണങ്ങളും അപവാദങ്ങളുമാണല്ലോ ക്രിസ്ത്യൻ മിഷനറിമാർ നടത്തുന്നത്. ഇതിനെ എങ്ങനെ വിലയിരുത്തുന്നു?*

ഇസ്‌ലാമിനോടും മുസ്‌ലിംകളോടും അവജ്ഞയുണ്ടാക്കി ഖുർആനിനു മുന്നിൽ മറയിടാനുള്ള മിഷനറിമാരുടെ തന്ത്രമായേ എനിക്കിതിനെ വീക്ഷിക്കാനാകുന്നുള്ളൂ. അതിനായി ഖുർആനിനെതിരെ നേരിട്ടൊരു ആക്രമണം നടത്തിയാൽ വേണ്ടതുപോലെ ഏശുകയില്ല. കാരണം, ഖുർആൻ ഏവർക്കും വായിക്കാനാവും വിധം പരിഭാഷകൾ ലഭ്യമാകുന്ന ഒരു തുറന്ന പുസ്തകമാണ്. അതിനാൽ തന്നെ ഇസ്‌ലാമിനെ താറടിക്കാൻ അവർ തിരെഞ്ഞെടുത്ത മറ്റൊരു രീതിയാണ് മുഹമ്മദ് നബി(ﷺ)യെ ഇകഴ്ത്തിക്കാണിക്കുക എന്നത്. പ്രത്യേകിച്ചും വിവാഹം, യുദ്ധങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ പെട്ടെന്ന് തെറ്റിദ്ധാരണ സൃഷ്ടിക്കാൻ സാധിക്കുന്നു.

*ഈയിടെയായി നിയമപരമായി പ്രാബല്യത്തിൽ കൊണ്ടുവരണമെന്ന് ഫാസിസ്റ്റുകൾ മുറവിളികൂട്ടുന്ന മതപരിവർത്തന നിരോധന നിയമത്തെക്കുറിച്ച് എന്തു പറയുന്നു?*

പ്രസ്തുത ബില്ലിന്റെ വിശദാംശങ്ങൾ എനിക്കറിയില്ല. എന്നാൽ നമ്മുടെ ഭരണഘടന നമുക്കനുവദിച്ചുതരുന്ന പൗരസ്വാതന്ത്ര്യത്തിനും മതസ്വാതന്ത്ര്യത്തിനും എതിരാണ് അതെന്ന കാര്യത്തിൽ തർക്കമില്ല. മതപ്രബോധന സ്വാതന്ത്ര്യം നിലനിൽക്കുന്നിടത്തോളം കാലം മതമാറ്റവും ഉണ്ടാവും. അത് നിയമം മൂലം നിരോധിക്കാനാവുന്ന ഒന്നല്ല.

*ഖുർആൻ ഭീകരവാദികളെയും തീവ്രവാദികളെയും സൃഷ്ടിക്കുന്ന ഗ്രന്ഥമാണെന്ന ആരോപണത്തോട് താങ്കളുടെ പ്രതികരണം?*

ഇസ്‌ലാം എന്ന പദത്തിൻെറ അർഥം തന്നെ സമർപ്പണം, സമാധാനം എന്നൊക്കെയാണ്. അതിനാൽ തന്നെ ഒരു ഇസ്‌ലാം മതവിശ്വാസിക്ക് ഒരിക്കലും സമാധാനത്തിനെതിരുനിൽക്കാൻ സാധിക്കില്ല. ജൂത-ക്രൈസ്തവരാൽ നിയന്ത്രിക്കപ്പെടുന്ന മാധ്യമങ്ങളുടെ സൃഷ്ടിയാണ് ഒരു പരിധിയോളം ഇസ്‌ലാമിക തീവ്രവാദം എന്ന ആരോപണം എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്നാൽ ഈ മാധ്യമങ്ങളുടെ ആരോപണങ്ങളെ ശരിവെക്കും വിധത്തിലുള്ള ഒറ്റപ്പെട്ട ചില ആൾക്കൂട്ടങ്ങളെ സൃഷ്ടിക്കാൻ പ്രസ്തുത മാധ്യമങ്ങൾക്കായിട്ടുണ്ട് എന്നതും ശരിയാണ്. തീവ്രവാദത്തെയും കലാപങ്ങളെയും മതവൽകരിക്കുന്നതിനു പകരം തെറ്റ് ആര് ചെയ്താലും ആ വ്യക്തികളിൽ ഒതുക്കിനിർത്തുകയാണ് വേണ്ടത് എന്നാണ് എന്റെ അഭിപ്രായം. മാത്രമല്ല ഇത്തരം യാഥാർഥ്യങ്ങളെ പുറത്തു കൊണ്ടുവരുവാൻ കെല്പുള്ള ഇസ്‌ലാമിക മാധ്യമങ്ങളുടെ അഭാവവും ഒരു പ്രശ്നമാണ്.

*താങ്കൾ മിഷനറി പ്രവർത്തനരംഗത്ത് സ്വീകരിച്ചിരുന്നപോലെ സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ നടത്തി ക്ലീൻ ഇമേജ് ഉണ്ടാക്കിയ ശേഷം മത പ്രബോധനം നടത്താമെന്ന ആശയത്തെക്കുറിച്ചുള്ള വീക്ഷണം?*

അടിസ്ഥാന ആശയത്തെ അഥവാ തൗഹീദിനെ അവഗണിച്ചുകൊണ്ടുള്ള ഒരു സാമൂഹ്യക്ഷേമ പ്രവർത്തനവും അനുഗുണമല്ലെന്നതാണ് എന്റെ അനുഭവം. സുവിശേഷകനായിരിക്കെ എന്നിലൂടെ സാമ്പത്തിക സഹായം ലഭിച്ചതുമൂലം ക്രിസ്തുമതം സ്വീകരിച്ച പലരുമുണ്ടെന്നു പറഞ്ഞുവല്ലോ, അവർക്ക് എന്നിലൂടെ ലഭ്യമായതിനെക്കാൾ വലിയ സഹായങ്ങ

ൾ മറ്റൊരു സഭക്കാരോ അല്ലെങ്കിൽ ഹൈന്ദവരോ മുസ്‌ലിംകളോ നൽകിയാൽ അവരുടെ കൂടെ കൂടില്ല എന്ന് എനിക്കുറപ്പില്ല. അതിനാൽ സാമൂഹ്യക്ഷേമപ്രവർത്തനങ്ങളിലൂടെയുള്ള ആശയ പ്രചരണമെന്നുള്ളത് ഒരു താൽകാലിക തന്ത്രം മാത്രമാണ്. ഇസ്‌ലാമിനെ സംബന്ധിച്ചിടത്തോളം ജീവകാരുണ്യപ്രവർത്തനങ്ങൾ അവന്റെ വിശ്വാസത്തിന്റെ ഭാഗമായി ജീവിതത്തിലേക്ക് കൊണ്ടുവരേണ്ടതാണ്. അതിന് ഭൗതികമായ പ്രതിഫലനങ്ങൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നത് നന്നല്ല. മാത്രമല്ല, ജീവകാരുണ്യ പ്രവർത്തനത്തെക്കാൾ ഒരു പ്രബോധകന്റെ ജീവിത വിശുദ്ധി കണ്ടുകൊണ്ടാവണം ഇതരമതസ്ഥർ ഇസ്‌ലാമിലേക്ക് ആകൃഷ്ടരാവേണ്ടത്. ഇത്തരമൊരു വിശുദ്ധ ജീവിതം നയിക്കാൻ ഇയാൾക്കു പ്രേരണ ഇസ്‌ലാമാണെന്നു ഗ്രഹിക്കുന്നവരെല്ലാം ഇസ്‌ലാമിലേക്ക് ആകൃഷ്ടരാകുമെന്നത് തീർച്ചയാണ്.

*സുവിശേഷകർ തങ്ങളുടെ പ്രസംഗത്തിലും അനുഭവസാക്ഷ്യങ്ങളിലും സാധാരണയായി ഉപയോഗിച്ചുവരാറുള്ള സാങ്കേതിക പദങ്ങളാണല്ലോ വീണ്ടും ജനനം, യേശുവിന്റെ വെളിപ്പെടൽ എന്നിവ. ഇവയൊന്ന് വിശദീകരിക്കാമോ?*

പാപത്തെ മനസ്സിലാക്കി, പാപങ്ങളിൽ നിന്ന് മോചനം നേടി, യേശുവെ തന്റെ കർത്താവും രക്ഷിതാവുമായി ഉറച്ച് വിശ്വസിച്ച് പുതിയൊരു ജീവിതരീതി സ്വീകരിക്കുന്നതിനെയാണ് സാധാരണയായി വീണ്ടും ജനനം, ആത്മാവിൽ വീണ്ടും ജനനം എന്നീ പ്രയോഗങ്ങൾകൊണ്ടുദ്ദേശിക്കുന്നത്. യേശു തനിക്ക് ഉറക്കത്തിലോ ഉണർവിലോ പ്രത്യക്ഷപ്പെട്ട് അവന്റെ സുവിശേഷവേലക്കായി തന്നെ വിളിച്ചുവേർതിരിച്ച് തന്റെ പാപത്തിൽ നിന്നും യേശുക്രിസ്തു വിടുതൽ നൽകി വീണ്ടെടുക്കുന്ന ദർശനവര പ്രക്രിയയാണ് ഇത്തരം വെളിപ്പെടൽ കൊണ്ട് സാധാരണയായി ഉദ്ദേശിക്കാറുള്ളത്.

*ഇത്തരം വെളിപ്പെടൽ താങ്കളുടെ ജീവിതത്തിൽ വീണ്ടെടുപ്പിനു മുമ്പോ ശേഷമോ ഉണ്ടായശേഷമാണോ താങ്കൾ മുഴുസമയ സുവിശേഷകനായത്?*

അല്ല. സാധാരണ പല സുവിശേഷകരും അതിശയോക്തിയുണ്ടാക്കാൻ വേണ്ടി പ്രസംഗത്തിനിടെ സാക്ഷ്യം പറയാറുള്ള പോലെ ഞാനും പ്രസംഗിക്കാറുണ്ടായിരുന്നുവെങ്കിലും എനിക്ക് അത്തരമൊരു വീണ്ടെടുപ്പ് ഉണ്ടായിട്ടില്ല. എന്നാൽ നിരന്തരം സുവിശേഷവേലയിലായിരിക്കുമ്പോൾ ഉറക്കത്തിൽ പലപ്പോഴും യേശു എനിക്ക് പ്രത്യക്ഷപ്പെടുന്നതായി സ്വപ്നം കാണാറുണ്ടായിരുന്നു. എന്നാൽ നാം ഒന്നിൽ തന്നെ നിരതരായി നിൽക്കുമ്പോൾ സാധാരണയായി സംഭവിക്കാറുള്ള ഒരു ഭൗതിക പ്രതിഭാസം മാത്രമാണ് അത് എന്നുള്ളതാണ് വസ്തുത.

**ജീവകാരുണ്യ പ്രവർത്തനത്തെക്കാൾ ഒരു പ്രബോധകന്റെ ജീവിത വിശുദ്ധി കണ്ടു കൊണ്ടാവണം ഇതരമതസ്ഥർ ഇസ്‌ലാമിലേക്ക് ആകൃഷ്ടരാവേണ്ടത്. ഇത്തരമൊരു വിശുദ്ധ ജീവിതം നയിക്കാൻ ഇയാൾക്കു പ്രേരണ ഇസ്‌ലാമാണെന്നു ഗ്രഹിക്കുന്നവരെല്ലാം ഇസ്‌ലാമിലേക്ക് ആകൃഷ്ടരാകുമെന്നത് തീർച്ചയാണ്.**

*താങ്കൾ ഒരു കരിസ്മാറ്റിക് സുവിശേഷകനായിരുന്നുവല്ലോ. കരിസ്മാറ്റിക് ധ്യാനത്തിലൂടെ അൽഭുത രോഗശാന്തികൾ നടന്നതായി ക്രൈസ്തവ പ്രസിദ്ധീകരണങ്ങളിലൂടെ പലരുടെയും അനുഭവങ്ങൾ കൊടുക്കാറുണ്ട്. ഇത്തരം ഒട്ടേറെ കഥകൾ പ്രചരിപ്പിക്കപ്പെട്ടുകൊണ്ടേയിരിക്കുന്നു. ഇതിന്റെ വസ്തുതയെന്താണ്?*

ഏത് രോഗങ്ങൾക്കും വൈദ്യശാസ്ത്രപ്രകാരം രണ്ട് കാരണങ്ങളുണ്ടാവാം; മാനസികവും ശാരീരികവും. ഒട്ടുമിക്കരോഗങ്ങളുടെയും കാരണങ്ങൾ മാനസികമാണല്ലോ. കരിസ്മാറ്റിക് ധ്യാനത്തിലൂടെ ലഭ്യമാകുന്ന ഏകാഗ്രതയും അവരുടെ വിശ്വാസവും ദൈവഭയവും മനഃശാന്തിയുമെല്ലാം പല രോഗങ്ങൾക്കും താൽക്കാലികമായ ശമനം നൽകിയേക്കാം. എന്നാൽ പ്രത്യക്ഷമായിക്കാണുന്ന രോഗങ്ങളോ അംഗവൈകല്യങ്ങളോ ഇത്തരം കരിസ്മാറ്റിക് ധ്യാനത്തിലൂടെ സാധാരണയായി ഭേദമാകാറില്ല! പലരോഗങ്ങളുടെയും കാരണം പൈശാചികതയായതുകൊണ്ട് പിശാചിനെ പ്രീതിപ്പെടുത്തുന്ന ഇത്തരം ബഹുദൈവാരാധനാപരമായ ചികിത്സാമുറകൾ സ്വീകരിക്കുമ്പോൾ പൈശാചിക സഹായം ലഭ്യമാകുമെന്ന് തീർച്ചയാണല്ലോ. ഒരുപക്ഷേ, രോഗങ്ങൾ ഭേദമായിത്തോന്നാനുള്ള കാരണങ്ങളിലൊന്ന് അതുമായേക്കാം. എന്നാൽ ഇതിന്റെ മറ്റൊരു വശം, ഇത്തരം അനുഭവസാക്ഷ്യം പ്രഖ്യാപിക്കുന്ന രോഗികളിലാരും തങ്ങൾക്ക് ഇത്തരമൊരു രോഗമുണ്ടായിരുന്നുവെന്നതിനുള്ള ശാസ്ത്രീയ തെളിവുകളോ ഡോക്ടർമാരുടെ പരിശോധനാ രേഖകളോ ഹാജരാക്കാറില്ല എന്നതാണ്.

*സത്യമതത്തിലേക്കു കടന്നുവന്ന തങ്ങളുടെ ഇപ്പോഴത്തെ അവസ്ഥയെന്താണ്? ഒരു മുഴുസമയ സുവിശേകനായിരുന്ന താങ്കളുടെ ഭാവി പ്രവർത്തന മേഖല?*

ഇപ്പോൾ ഞാൻ സന്തോഷകരമായ കുടുംബജീവിതം നയിക്കുന്നു. എന്റെ യുവത്വത്തിന്റെ നല്ലൊരുകാലഘട്ടവും യാഥാർഥ്യമറിയാതെ അസത്യപ്രബോധനത്തിലായിരുന്നു. അവശേഷിക്കുന്ന കാലം മുഴുവൻ അതിനൊരു പ്രായശ്ചിത്തമെന്നോണം ഇസ്‌ലാമിക പ്രബോധന പ്രവർത്തനങ്ങളിൽ നിരതമാവണമെന്നാണ് തീരുമാനം. ഞാൻ മൂലം ധാരാളം വ്യക്തികളും കുടുംബങ്ങളും ക്രിസ്തുമതത്തിലേക്ക് കടന്നുവന്നിട്ടുണ്ടെന്നു പറഞ്ഞുവല്ലോ. അവർക്കെങ്കിലും സത്യമത സന്ദേശം എത്തിക്കണമെന്ന് ആഗ്രഹമുണ്ട്. അതോടൊപ്പം ഞാനിപ്പോൾ എന്റെ ജീവിതകഥയും അനുഭങ്ങളുമുൾക്കൊള്ളിച്ചുകൊണ്ട്, 'യേശു എന്നെ മുസ്‌ലിമാക്കി' എന്ന ഗ്രന്ഥത്തിൻെറ രചനയിലാണ്. പ്രബോധന രംഗത്ത് അത് ഏറെ ഉപകരിക്കുമെന്നാണ് എന്റെ പ്രതീക്ഷ.

*'സ്നേഹസംവാദം' വായനക്കാരോട് താങ്കൾക്ക് നൽകാനുള്ള ഉപദേശം?*

അമുസ്‌ലംകൾക്കിടയിലേക്ക് സത്യമത സന്ദേശമെത്തിക്കാനുള്ള ഒരു കൂട്ടായ്മയുടെ പ്രസിദ്ധീകരണമെന്ന നിലയ്ക്ക് 'സ്നേഹസംവാദം' മാസിക കൂടുതൽ പ്രചരിപ്പിക്കുക. സ്വന്തമായോ സ്പോൺസർമാരെ കണ്ടെത്തിയോ വായനശാലകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തൊഴിൽ ശാലകൾ, മറ്റിതര പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ സ്നേഹസംവാദം എത്തിക്കുക. പ്രബോധന പ്രവർത്തനങ്ങൾക്ക് ഉപകാരപ്പെടുന്ന ലേഖനങ്ങൾ ലഘുലേഖയാക്കിവിതരണം ചെയ്യുക. പ്രബോധന രംഗത്ത് ഈ പ്രസിദ്ധീകരണം വലിയൊരുമുതൽക്കൂട്ടായതിനാൽ ധാരാളം ആളുകളെ തൗഹീദിലേക്ക് കൊണ്ടുവരാൻ 'സ്നേഹസംവാദം' മാസികക്കുസാധിക്കും. പ്രബോധനരംഗത്ത് അല്ലാഹുവിന്റെ പ്രീതിമാത്രം ലക്ഷ്യം വച്ച് മുന്നിട്ടിറങ്ങുക. ഇബ്‌റാഹീം നബി(ﷺ)യെ പോലെ ത്യാഗം സഹിക്കാൻ പ്രബോധകർ തയാറാവണം. അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ- ആമീൻ.